| NAME | | ROLL NO. | |
|---|---|---|---|

# INDIAN SCHOOL MUSCAT
## MIDDLE SECTION
## ANNUAL EXAMINATION 2022 – 23
## SUBJECT – MALAYALAM

CLASS 8
14. 03. 2023

Code: MZMA04
Time Allotted: 2 ½ hrs
Max .Marks: 80

General Instructions.
1. All the questions are **compulsory.**
2. All the answers should be written in the **answer sheet** provided only.

**Marks**

**I. ബ്രാക്കറ്റിൽനിന്നും ശരിയായ അർഥം തെരെഞ്ഞെടുത്തെഴുതുക** **4x1=4**

1. പരുഷം – (കൂട്ടിച്ചേർക്കൽ, മാർദവമില്ലാത്ത, താത്പര്യമില്ലാത്ത, ദു:ഖിതൻ)
2. മുഖസ്ഥം – (വിരൂപം, ഹാസ്യം, കാണാപാഠം, ഐശ്വര്യം)
3. ഒളി – (ശോഭ, പ്രഭാതം, ജീവൻ, മുത്ത്)
4. കലശലാവുക – (അവസാനിക്കുക, ആരംഭിക്കുക, കെട്ടിപ്പിടിക്കുക, വർദ്ധിക്കുക)

**II. ബ്രാക്കറ്റിൽനിന്നും ശരിയായ വിപരീതപദം തെരെഞ്ഞെടുത്തെഴുതുക** **4x1=4**

1. ഗതി X (അഗതി, വിഗതി, നിഗതി, ദുർഗതി)
2. സജീവം X (അർജീവം, ദുർജീവം, നിർജീവം, നിഷ്ജീവം)
3. മാനം X (ദുരഭിമാനം, അഭിമാനം, അപവാദം, അപമാനം)
4. ഉചിതം X (അനുചിതം, നിനുചിതം, വിനുചിതം, സനുചിതം)

**III. പര്യായം എഴുതുക** **4x1=4**

1. കുയിൽ
2. ജോലി
3. വാക്ക്
4. നീര്

**IV. നാനാർഥം എഴുതുക** **4x1=4**

1. കരി
2. ജാതി
3. കുറ്റം
4. പുച്ഛം

**V. ബ്രാക്കറ്റിൽനിന്നും ശരിയായ എതിർലിംഗം തെരെഞ്ഞെടുത്തെഴുതുക** **4x1=4**

1. മാതൃത്വം – (പിതത്വം, പിത്തൃത്ത്വം, പിതൃത്വം, പിത്വതൃം)
2. പുരുഷൻ – (പുരുഷ, പൗരുഷി, സ്ത്രീ, വനിത)
3. പ്രസിദ്ധൻ – (പ്രസിദ്ധ, പ്രസിദ്ധി, അപ്രസിദ്ധ, പ്രസദ്ധി)
4. ജ്യേഷ്ഠൻ – (ജ്യേഷ്ഠി, ജ്യേഷ്ഠം, ജ്യേഷ്ഠത്തി, ചേച്ചി)

**VI. ചേരും പടി ചേർക്കുക** **5x1=5**

1. ഉമ്മാച്ചു – a) പി. ഭാസ്കരൻ
2. നാടെവിടെ മക്കളെ – b) പി. നരേന്ദ്രനാഥ്
3. ഒരിക്കൽക്കൂടി – c) അയ്യപ്പപ്പണിക്കർ
4. രുഗ്മിണീസ്വയം വരം – d) ഉറൂബ്
5. അഗ്നിഹോത്രിയും പെരുന്തച്ചനും – e) കുഞ്ചൻ നമ്പ്യാർ

**VII. ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം കണ്ടെത്തി എഴുതുക** **4x1=4**

1. മഴമുകിൽ പെൺകൊടി പതിവായി എത്തിച്ചേരാറുള്ളത് എവിടെയാണ്?

   (വാനിൻെറ താഴ്വാരത്തിൽ, മാന്തോപ്പിൽ, വയലിൽ, അറബിക്കടലിൽ)

2. നല്ലൊരു വിദ്വാനായിട്ടുള്ള ആൾക്കുള്ള കുറവെന്ത്?

   (ശരീരം വികൃതം, മുടന്തുണ്ട്, പല്ലില്ല, ചെവി കേൾക്കില്ല)

3. കുടുംബപരമായി ഭൂതകാലത്തിൻെറ ഒരപമാനം പേറുന്ന വികാരജീവിയായ കഥാപാത്രം ആര്?

   (ബീരാൻ, ഹസ്സൻ, ചാപ്പുണ്ണിനായർ, മായൻ)

4. 'കള്ളപ്പറയില്ലാത്ത നാട്' എന്നതുകൊണ്ട് കവി ഉദ്ദേശിക്കുന്നതെന്ത്?

   (കള്ളം പറയാത്ത നാട്, കുത്തുവാക്ക് പറയാത്ത നാട്, കച്ചവടത്തിൽ കള്ളം കാണിക്കാത്ത നാട്, മലിനജലം നിറഞ്ഞ നാട്)

**VIII. പിരിച്ചെഴുതുക** **4x1=4**

1. അരുമകളെയടിമകളെ
2. പലതുണ്ടൊരുവനു
3. മർമരക്കൊഞ്ചൽ
4. നോക്കിക്കണ്ടു

**IX. ബ്രാക്കറ്റിൽനിന്നും ശരിയായ വിഗ്രഹം തെരെഞ്ഞെടുത്തെഴുതുക** **4x1=4**

1. കടലോരം – (കടലുള്ള ഓരം, കടലാകുന്ന ഓരം, കടലിൻെറ ഓരം, കടലിലെ ഓരം)
2. സ്ത്രൈണബോധം – (സ്ത്രൈണമായ ബോധം, സ്ത്രൈണമുള്ള ബോധം, സ്ത്രൈണത്തിലുള്ള ബോധം, സ്ത്രൈണത്തിൻെറ ബോധം)
3. തിലകക്കുറി – (തിലകത്തിൻെറ കുറി, തിലകമുള്ള കുറി, തിലകമായിട്ടുള്ള കുറി, തിലകമാകുന്ന കുറി)
4. കൂട്ടനിലവിളി – (കൂട്ടത്തിലുള്ള നിലവിളി, കൂട്ടത്തിൽ നിന്നുണ്ടായിട്ടുള്ള നിലവിളി, കൂട്ടമായ നിലവിളി, കൂട്ടുള്ള നിലവിളി)

**X. കൂട്ടത്തിൽ ചേരാത്തത് എഴുതുക** **2x1=2**

1. വാനം, വിഭാതം, അംബരം, നഭസ്സ്
2. ബ്രാഹ്മണൻ, അന്തണൻ, അഗ്രജൻ, വിപ്രൻ

**XI. വാക്യത്തിൽ പ്രയോഗിക്കുക** **2x2=4**

1. യുക്തിപൂർവം
2. സാക്ഷാത്കരിക്കുക

**XII. അർഥവ്യത്യാസം എഴുതുക** **2x2=4**

1. ചോല – ചേല
2. ഗാത്രം – ഗോത്രം

**XIII. ഒറ്റവാക്കിൽ ഉത്തരമെഴുതുക** **3x1=3**

1. അബ്ദു തൻെറ മാതൃത്വസങ്കൽപത്തെ പൂർണമാക്കുന്നത് ആരിലൂടെയാണ്?

2. "ആശാരിക്ക് യാഗശാല നിർമിക്കാമെങ്കിൽ അഗ്നിജ്വലനവും ആശാരിക്കുതന്നെ നിർവഹിക്കാം"– ആരുടെ വാക്കുകൾ?

3. ഇളനീല നിറമുള്ള പൂക്കളായി കവി ഉപമിക്കുന്നത് എന്തിനെയാണ്?

**XIV.** **ബ്രാക്കറ്റിൽനിന്നും ശരിയായ ഒറ്റപ്പദം തെരെഞ്ഞെടുത്തെഴുതുക** **4x1=4**

1. പാരമ്പര്യത്തിൽ അധിഷ്ഠിതം – (പാരമ്പാധിഷ്ഠിതം, പാരമ്പ്യാരിധിഷ്ഠിതം, പാരമ്പര്യാഷ്ഠിതം, പാരമ്പര്യാധിഷ്ഠിതം)
2. കാക്കയുടേതുപോലുള്ള കണ്ണ് – (കക്കക്കണ്ണ്, കാക്കക്കണ്ണ്, കാകകണ്ണ്, കാക്കിക്കണ്ണ്)
3. ഇല്ലത്തോട് ചേർന്നുള്ള പറമ്പ് – (ഇല്ലിപ്പറമ്പ്, ഇല്ലാപറമ്പ്, ഇല്ലപ്പറമ്പ്, ഇലപറമ്പ്)
4. കാട്ടിലെ പൂഞ്ചോല – (കട്ടുപൂചോല, കാട്ടുപൂഞ്ചോല, കാട്ടുപൂഞ്ചേല, കാട്ടു പൂഞ്ചാല)

**XV.** **പ്രയോഗം മാറ്റുക** **2x1=2**

1. ബീരാനും മായനും ഉമ്മാച്ചുവിനെ സ്നേഹിച്ചു.
2. ഒരു നിമിഷം തച്ചനാൽ അന്ധാളിച്ചു നിൽക്കപ്പെട്ടു.

**XVI.** **കത്ത് എഴുതുക** **1x5=5**

1. നിങ്ങൾ പതിവായി കളിച്ചുകൊണ്ടിരുന്ന പൊതുമൈതാനത്തിൽ ചില ആളുകൾ മാലിന്യം നിക്ഷേപിക്കുന്നതായി നിങ്ങൾ മനസ്സിലാക്കുന്നു. ഇതിനെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിങ്ങളുടെ പഞ്ചായത്ത് പ്രസിഡണ്ടിന് ഒരു കത്തെഴുതുക.

**XVII.** **ഉത്തരമെഴുതുക** **3x3=9**

1. കവിയുടെ അഭിപ്രായത്തിൽ നാട്ടിൽനിന്ന് നഷ്ടപ്പെട്ടുപോയത് എന്തൊക്കെയാണ്?.
2. "വിക്കുകൾ കൊണ്ടതു പറവാൻ വഹിയാ<br>സൽക്കഥ വളരെയറിഞ്ഞൊരു ദേഹം" – ഈ വരികളിൽ എങ്ങനെയുള്ള ആളുകളെയാണ് നമ്പ്യാർ അവതരിപ്പിക്കുന്നത്?.
3. ബ്രാഹ്മണപുരോഹിതന്മാർ രോഷാകുലരാവാൻ കാരണമെന്ത്?

**XVIII.** **ഉപന്യാസം എഴുതുക** **1x5=5**

1. അനാരോഗ്യകരമായ ഭക്ഷണശീലങ്ങൾ.

**XIX.** **ഖണ്ഡികവായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

മഹാഭാരതത്തിലെ വിദുരോപദേശം പ്രസിദ്ധമാണ്. കൗരവന്മാരും പാണ്ഡവന്മാരും തമ്മിലുള്ള കലഹത്തിൽ ധൃതരാഷ്ട്രരുടെ മനസ്സ് എന്നും അസ്വസ്ഥത നിറഞ്ഞതായിരുന്നു. യഥാർഥത്തിൽ ധൃതരാഷ്ട്രർക്ക് പാണ്ഡവരോട് പകയുണ്ടായിരുന്നോ?. അമിതമായ പുത്രവാത്സല്യം, അന്ധനായ അദ്ദേഹത്തെക്കൊണ്ട് അങ്ങനെയൊക്കെ ചെയ്യിച്ചു എന്ന് പറയുന്നതാവും ശരി. ഏതായാലും ധൃതരാഷ്ട്രർക്ക് ധർമം ഉപദേശിക്കുക എന്ന ജോലി വിദുരർ ശരിക്കും നിർവഹിച്ചു. വനവാസം കഴിഞ്ഞ് പാണ്ഡവർ തിരിച്ചെത്തി. പാണ്ഡവർക്ക് സൂചികുത്താൻ പോലും ഇടം നൽകുകയില്ലെന്ന് ദുര്യോധനൻ വാശിപിടിച്ചു. ശ്രീകൃഷ്ണൻ സന്ധി സംഭാഷണങ്ങൾക്കായി ഹസ്തിനപുരിയിലെത്തി. അപ്പോൾ ശ്രീകൃഷ്ണനെ പരിഹസിക്കാനാണ് അഹങ്കാരിയായ ദുര്യോധനൻ ഒരുങ്ങിയത്. അതു ശരിയല്ലെന്നും ശ്രീകൃഷ്ണനെ ശരിയായ രീതിയിൽ സ്വീകരിക്കണമെന്നും വിദുരർ ഉപദേശിച്ചതിനനുസരിച്ച് ധൃതരാഷ്ട്രർ ശ്രീകൃഷ്ണനെ നല്ല രീതിയിൽ സ്വീകരിച്ചിരുത്തി. എങ്കിലും ശ്രീകൃഷ്ണനെ തടവിലാക്കാനാണ് ദുര്യോധനൻ തയ്യാറായത്. ഈ വിവരങ്ങളറിഞ്ഞ് ദു:ഖിതനായ ധൃതരാഷ്ട്രരെ വിദുരർ ധർമോപദേശം ചെയ്ത് ആശ്വസിപ്പിക്കുന്ന രംഗം അങ്ങേയറ്റം ഹൃദയത്തെ സ്പർശിക്കുന്നതാണ്. ജീവിതം പെട്ടെന്ന് നശിച്ചുപോകുന്നതാണെന്നും ആത്മാവ് മാത്രമാണ് എന്നും നിലനിൽക്കുന്നതെന്നും വിദുരർ ധൃതരാഷ്ട്രർക്ക് ബോധ്യപ്പെടുത്തിക്കൊടുത്തു.

**ചോദ്യങ്ങൾ** **5x1=5**

1. ധൃതരാഷ്ട്രരുടെ മനസ്സ് അസ്വസ്ഥമായത് എന്തിനാണ്?
2. ദുര്യോധനൻ എന്തിനാണ് വാശിപിടിച്ചത്?
3. ആരാണ് ശ്രീകൃഷ്ണനെ തടവിലാക്കിയത്?
4. ഏത് രംഗമാണ് അങ്ങേയറ്റം ഹൃദയത്തെ സ്പർശിക്കുന്നത്?
5. വിദുരർ ധൃതരാഷ്ട്രർക്ക് ബോധ്യപ്പെടുത്തിക്കൊടുത്തതെന്ത്?

*******************************************************